(സി) ലീബ എന്ന യുവതിയായ വീട്ടമ്മയെ ചേരാനല്ലൂർ സ്റ്റേഷനിലെ വനിതാ പോലീസുകാർ അടക്കം ക്രൂരമായി മർദ്ദിച്ച് നട്ടെല്ല് തകർത്ത സംഭവത്തിൽ ഉത്തരവാദികളായവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ - സി) ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊച്ചി സിറ്റിയിലെ ചേരാനല്ലൂർ പോലീസ് സ്റ്റേഷൻ ക്രൈം 965/14 u/s 381 IPC കേസ്സിലെ പ്രതിയായ ലീബ രതീഷ് എന്ന സ്ത്രീയെ ചേരാനല്ലൂർ പോലീസ് കേസ്സിൽ കടുക്കി കസ്റ്റഡിയിൽ മർദ്ദിച്ചു എന്ന ആക്ഷേപത്തെത്തുടർന്ന് ചേരാനല്ലൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1086/14 u/s 342, 323, 324, 325, 294(b), 354 r/w 34 IPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതും, ടി കേസ്സ് 16-10-2014-ലെ ഡി.2/114015/14/പി.എച്ച്.ക്യൂ. എന്ന ഉത്തരവ് പ്രകാരം അന്വേഷണത്തിനായി ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുള്ളതുമാണ്. ആരോപണവിധേയരായ എസ്.ഐ. ശ്രീ. ഇ. എസ്. സാംസൺ, ഗ്രേഡ് അസി. സബ് ഇൻസ്പെക്ടറായ ശ്രീ. കര്യാക്കോസ്. (ഇ 7141), സിവിൽ പോലീസ് ഓഫീസറായ ശ്രീ ശ്രീജി (10159), വനിത സിവിൽ പോലീസ് ഓഫീസർമാരായ ശ്രീമതി സുനിത (10208), ശ്രീമതി സന്ധ്യാമോൾ (9370), ശ്രീമതി സിജു (9963), ശ്രീമതി രേഖ (11859) എന്നിവരെ സർവ്വീസിൽനിന്ന് അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുള്ളതും ടിയാളുകൾക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചുംവരുന്നു.

**സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി**

250 (252) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സ്റ്റുഡൻസ് പോലീസ് കേഡറ്റ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ;

(ബി) പ്രസ്തുത കേഡറ്റുകൾക്ക് കാര്യക്ഷമമായ പരിശീലനം ലഭ്യമാക്കുവാനും പ്രസ്തുത പദ്ധതി കൂടുതൽ സ്കൂളുകളിലേക്കും ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി എന്നീ മേഖലകളിലേക്കും വ്യാപിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതിയിൽ സഹകരിക്കുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്, വിശദമാക്കുമോ ;

(ഡി) പദ്ധതിക്കായി പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരമേറ്റശേഷം സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിപ്പിച്ച് ഇപ്പോൾ 433 സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 600 ലക്ഷം രൂപ പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ടി 2014-15 അദ്ധ്യയന വർഷത്തിലേക്ക് ആകിവിറ്റി കലണ്ടർ തയ്യാറാക്കി ആഴ്ചയിൽ ബുധനാഴ്ചയും ശനിയാഴ്ചയും പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഏഴ് കമ്മ്യൂണിറ്റി പ്രോജക്ടുകൾ (എന്റെ മരം, ശ്രുതയാത്ര, ശ്രുചിത്വമുറ്റം, വീട്ടിലൊരു ചങ്ങാതിക്കൂട്ടം, ലഹരിമുക്ത കേരളം, നിയമ പരിജ്ഞാനം, സമ്പൂർണ്ണ ആരോഗ്യം) കേഡറ്റുകളുടെ സർവ്വോന്മുഖമായ വികാസത്തെ മുൻനിർത്തി നടപ്പിലാക്കിവരുന്നു. ഓണം ക്യാംപ്, ക്രിസ്തുമസ് ക്യാംപ്, പ്രകൃതി പഠന ക്യാംപ്, ജില്ലാതല സമ്മർ ക്യാംപ്, സംസ്ഥാനതല സമ്മർ ക്യാംപ് തുടങ്ങിയവ സംഘടിപ്പിക്കുകയും എസ്.പി.സി. ഡേ, എസ്.പി.സി.ക്വിസ്സ്, പൊതുവിശേഷ ദിവസങ്ങൾ, റിപ്പബ്ലിക് ഡേ പരേഡ്, സ്വാതന്ത്ര്യദിന പരേഡ് എന്നിവയും ആഘോഷിച്ചുവരുന്നു. സ്റ്റുഡന്റ് പോലീസ് കേഡറ്റ് ആകിവിറ്റി കലണ്ടറിൽ ഇൻഡോർ മാനുവൽ, ഔട്ട്ഡോർ മാനുവൽ പ്രകാരമുള്ള വിവിധ തരത്തിലുള്ള കായികക്ഷമതാ പരിശീലനങ്ങളും സ്വഭാവ രൂപീകരണം, നേതൃഗുണം, അച്ചടക്കം, ആത്മവിശ്വാസം എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പരിപാടികൾ നടത്തുകയും പരേഡ്, പി.റ്റി., യോഗ, കളരി, കരാട്ടെ എന്നിവയുടെ പരിശീലനവും ക്രോസ് കൺട്രി, റോഡ് വാക്ക് ആന്റ് റൺ എന്നിവ നടത്തുകയും ചെയ്യുന്നു.

(സി) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിൽ ചേർന്ന് 2 വർഷത്തെ പരിശീലനം കാര്യക്ഷമമായി പൂർത്തിയാക്കുന്ന 75% ഹാജരുള്ള എസ്.എസ്.എൽ.സി., ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി കേഡറ്റുകൾക്ക് 5% ഗ്രേസ് മാർക്ക് നൽകിവരുന്നു.

(ഡി) ഉണ്ട്. ചാല ഗവണ്മെന്റ് ഗേൾസ് ഹൈസ്കൂൾ അങ്കണത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ അനുവാദത്തോടെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് അക്കാദമിയും ഡയറക്ടറേറ്റും രൂപീകരിക്കുന്നതിനായി സ്ഥലം അനുവദിക്കുകയും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly